പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** **06.03.2020-ൽ മറുപടിയ്ക്ക്**

## ചരക്ക വാഹനങ്ങളിലെ ഡ്രൈവർമാരെ സംബന്ധിച്ച കേന്ദ്ര നിർദ്ദേശം.

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ<br>,, എൻ. ഷംസുദ്ദീൻ<br>,, എം. സി. കമറുദ്ദീൻ<br>ഡോ.എം. കെ. മുനീർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നാഷണൽ പെർമിറ്റ് ഉള്ള ചരക്ക വാഹനങ്ങൾക്ക് ഒരു ഡ്രൈവർ മാത്രം മതിയെന്ന കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പുതുക്കിയ നിർദ്ദേശം നടപ്പിൽ വന്നതിനുശേഷം അപകടങ്ങൾ വർദ്ധിക്കുന്നുവെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇത്തരം ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല. റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നില്ലായെന്ന് 2019-ലെ SCRB data പരിശോധിക്കുമ്പോൾ ബോദ്ധ്യപ്പെടുന്നതാണ്. 2018-ൽ റോഡ് അപകട വർദ്ധന നിരക്ക് 4.4% ആയിരുന്നത് 2019-ൽ 2.4% മാത്രമാണ്. ഇന്ത്യയിൽ ആകമാനമുള്ള റോഡപകടങ്ങൾ കണക്കിലെടുക്കുമ്പോൾ, അപകട വർദ്ധന നിരക്കിൽ മറ്റ സംസ്ഥാനങ്ങളെ പരിഗണിച്ചാൽ കേരളം 16-ാം സ്ഥാനത്താണ്. അമിതവേഗത, ലഹരി ഉപയോഗിച്ചുള്ള ഡ്രൈവിംഗ്, വിശ്രമമില്ലാതെ അധികസമയം വാഹനം ഓടിക്കുന്നതുകൊണ്ടുള്ള ക്ഷീണം മൂലം ഡ്രൈവർ ഉറങ്ങിപ്പോകുന്നത് മുതലായവയാണ് അപകടങ്ങൾക്കുള്ള പ്രധാന കാരണങ്ങൾ. 20/02/2020-ന് അവിനാശിയിലുണ്ടായ വാഹനാപകടത്തിന്റെ പശ്ചാത്തലത്തിൽ 25/02/2020 തീയതിയിൽ കെ.ആർ.എസ്.എ-യുടെ ഒരു അടിയന്തിര യോഗം കൂടുകയുണ്ടായി. ഈ യോഗത്തിൽ ട്രക്ക് ഡ്രൈവർമാർക്ക് സ്റ്റേറ്റ് ഹൈവേയിലും നാഷണൽ ഹൈവേയിലും ആവശ്യമായ വിവിധ തരത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുന്ന കാര്യവും ഇത്തരത്തിലുള്ള ദീർഘദൂര വാഹനങ്ങളിൽ ബ്ലാക്ക് ബോക്സ് സംവിധാനം പ്രയോജനപ്പെടുത്തുന്ന കാര്യവും ചർച്ച ചെയ്യുകയുണ്ടായി. നിലവിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് സിസ്റ്റം ഇത്തരം വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ബ്ലാക്ക് ബോക്സ് സംവിധാനം ഘടിപ്പിച്ച് VLTDS ബ്ലാക്ക് ബോക്സിനോടൊപ്പം ഘടിപ്പിക്കുന്ന കാര്യവും പരിഗണിച്ചുവരുന്നു. |
| (ബി) | കണ്ടെയ്നർ ട്രക്ക് ഉൾപ്പെടെയുള്ള ഭാരവാഹനങ്ങളിലെ ഡ്രൈവർമാരെ വിശ്രമമില്ലാതെ ജോലി ചെയ്യിപ്പിക്കുന്നതുവഴി അപകടങ്ങൾ | (ബി) | ദീർഘദൂര അന്തർ സംസ്ഥാന റോഡ് ഗതാഗത മേഖലയിൽ ചരക്ക് വാഹനങ്ങൾക്ക് നാഷണൽ പെർമിറ്റ് അനുവദിക്കുന്നതിനുള്ള ഉപാധികളിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 90 (4) പ്രകാരം |

| | | | |
|---|---|---|---|
| | വർദ്ധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് സമ്മർദ്ദം ചെലുത്തുവാൻ സർക്കാർ തയ്യാറാകുമോ? | | അത്തരം വാഹനങ്ങൾക്ക് രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കണമെന്നും ഡ്രൈവറുടെ സീറ്റിന് പുറകിലായി ഒരു ഡ്രൈവർക്ക് വിശ്രമിക്കുന്നതിനുള്ള സീറ്റ് ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ, 2018 നവംബർ 2-ാം തീയതിയിലെ G.S.R. 1081(E) നമ്പർ വിജ്ഞാപന പ്രകാരം പ്രസ്തുത ചട്ടം എടുത്തുകളഞ്ഞതിനാൽ ഇത്തരം വാഹനങ്ങളിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിലവിലില്ല.<br><br>20/02/2020-ന് പുലർച്ചെ തമിഴ് നാട്ടിലെ അവിനാശിയിൽ കണ്ടെയ്നർ ലോറിയിലെ ഡ്രൈവർ ഉറങ്ങിപ്പോയതു കാരണം ലോറി കെ.എസ്.ആർ.ടി.സി. ബസ്സിൽ ഇടിച്ച് രണ്ട് ബസ് ജീവനക്കാരും 17 യാത്രക്കാരും മരണപ്പെട്ട ദാരുണ സംഭവം ഉണ്ടായ സാഹചര്യത്തിൽ, ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**